പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3576 — 25.06.2013 ൽ മറുപടിക്ക്

# വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കെ.എസ്.ഇ.ബി ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;<br><br>(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(ഡി) ഇതിനായി പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (എ)യും (ബി)യും (സി)യും (ഡി)യും.<br><br>12 -ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 72.2 മെഗാവാട്ടിന്റെ 11 പുതിയ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ ഈ കാലയളവിൽ 124 മെഗാവാട്ടിന്റെ 5 ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാനും അതിരപ്പിള്ളി (163 MW), പൂയംകുട്ടി (210 MW) എന്നീ ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിയ്ക്കുവാനും ലക്ഷ്യമിടുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ... അനുബന്ധമായി ചേർക്കുന്നു.<br><br>പാരമ്പര്യേതര സ്രോതസ്സിൽ നിന്നുമുള്ള അധിക വൈദ്യുതി ഉല്പാദനത്തിനായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് KSEB യുടെ സ്ഥലത്ത് |

1 MW ന്റെ **സൗരോർജ്ജ** വൈദ്യുതി പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെൻറ് ഓഫീസുകളുടെയും, സബ്സ്റ്റേഷനുകളുടെയും മുകളിൽ സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിച്ച് ഗ്രിഡിൽ കണക്റ്റ് ചെയ്യുന്ന തരത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ബ്രഹ്മപുരത്ത് 1026 MW ന്റെ വാതകാധിഷ്ഠിത നിലയം സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായ 350 MW ന്റെ പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തിയായി വരുന്നു. അതോടൊപ്പം പെട്രോനെറ്റുമായി ചേർന്ന് 1200 MW ന്റെ ഒരു വാതകാധിഷ്ഠിത പദ്ധതി കൊച്ചിയിൽ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

ഭാഗ്യലക്ഷ്മി.
U. Q. No. 3576

## Capacity Addition proposed during 12th Plan

| Sl. No | Project | Capacity (MW) | Action Taken |
|---|---|---|---|
| | **New Hydel Schemes to be Tendered** | | |
| 1 | Olikkal | 2.7 | DPR prepared-Land Acquisition in progress |
| 2 | Poovaramthodu | 4.5 | - do - |
| 3 | Upper Kallar | 2 | DPR prepared-Land Acquisition completed |
| 4 | Bhoothathankettu | 20 | - do - |
| 5 | Chembukadavu-III | 6 | DPR prepared-Land Acquisition in progress |
| 6 | Ladrum | 3.5 | -do- |
| 7 | Peechad | 3 | -do- |
| 8 | Pazhassi Sagar | 15 | Pre- construction survey in progress |
| 9 | Western Kallar | 5 | DPR prepared |
| 10 | Marmala | 7 | DPR prepared |
| 11 | Chathankottunada-I | 3.5 | DPR prepared |
| | **Total** | **72.2** | |
| | | | |
| | **Other Schemes to be tendered in 12th plan** | | |
| 1 | Thottiyar Stage II | 30 | DPR under preparation |
| 2 | Mankulam | 40 | DPR prepared-Land Acquisition in progress |
| 3 | Peruvannamoozhy | 6 | - do - |
| 4 | Chinnar | 24 | - do - |
| 5 | Upper Sengulam | 24 | - do - |
| | **Total** | 124 | |

ആര്യാടൻ മുഹമ്മദ്